കടുത്തുരുത്തി ഫയർ സ്റ്റേഷന്റെ നവീകരണത്തിന് നടപടി

58 (4672) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടുത്തുരുത്തി ഫയർ സ്റ്റേഷന്റെ നവീകരണത്തിന് നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത ഫയർ സ്റ്റേഷന് ആധുനിക ഉപകരണങ്ങൾ നൽകുന്നതിന് എന്തു നടപടി സ്വീകരിച്ചു ;

(സി) വേണ്ടത്ര സ്റ്റാഫിനെ ഈ ഫയർ സ്റ്റേഷനിലേക്ക് അനുവദിക്കുമോ ;

(ഡി) ഇപ്പോൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ വാടകയും വാടക കുടിശ്ശികയും ആഭ്യന്തരവകുപ്പിൽനിന്നും നൽകാൻ അനുവാദം നൽകുമോ ;

(ഇ) കടുത്തുരുത്തി ഫയർ സ്റ്റേഷന് പുതിയ കെട്ടിടം പണിയുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്വീകരിക്കുന്നതാണ്.

(ബി) സ്ട്രച്ചർ, സേർച്ച് ലൈറ്റ്, ഡെലിവറി ഹോസ് തുടങ്ങിയ ഉപകരണങ്ങൾ കടുത്തുരുത്തി നിലയത്തിലേക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ ഉപകരണങ്ങൾ വാങ്ങുമ്പോൾ ലഭ്യതയുടെ അടിസ്ഥാനത്തിൽ കടുത്തുരുത്തി നിലയത്തിലേയ്ക്കും കൂടുതൽ ആധുനിക ഉപകരണങ്ങൾ നൽകുന്നതാണ്.

(സി) പബ്ലിക് സർവ്വീസ് കമ്മീഷനിൽനിന്നും പുതിയ ജീവനക്കാരെ അഡ്വൈസ് ചെയ്ത് നിയമനം നൽകുമ്പോൾ കടുത്തുരുത്തി ഫയർ സ്റ്റേഷനിലേയ്ക്ക് വേണ്ടത്ര ജീവനക്കാരെ അനുവദിക്കുന്നതാണ്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

(ഇ) അനുയോജ്യമായ സ്ഥലം ലഭിച്ചതിനുശേഷം നടപടി സ്വീകരിക്കുന്നതാണ്.

ഏലൂരിലെ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ

59 (4673) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവ മണ്ഡലത്തിലെ ഏലൂരിൽ കഴിഞ്ഞ ബഡ്ജറ്റിൽ അനുവദിച്ച ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് ഏലൂരിൽ ലഭ്യമായിട്ടുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly